പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1760 06.03.2017-ലെ മറുപടിക്ക്

**കളക്ഷൻ കുറഞ്ഞ കെ.എസ്.ആർ.ടി.സി.ബസുകളുടെ സർവ്വീസ് നിർത്താനുള്ള തീരുമാനം**

ചോദ്യം

ശ്രീ. കെ.ബി. ഗണേഷ് കുമാർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2017 ജനുവരി 31 ന് ശേഷം പതിനായിരം രൂപയിൽ കുറഞ്ഞ കളക്ഷൻ ഉള്ള ബസുകൾ സർവ്വീസ് നിർത്തുന്നത് സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 2017 ജനുവരി 31- ന് ശേഷം പതിനായിരം രൂപയിൽ കുറഞ്ഞ വരുമാനമുള്ള ബസുകൾ സർവ്വീസ് നിർത്തുന്നത് സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടില്ല. |
| (ബി) | കിഴക്കൻ മലയോര പ്രദേശങ്ങളിൽ ഷോർട്ട് ചെയ്സിസ് ബസുകൾ സർവ്വീസ് നടത്തുമ്പോൾ പതിനായിരം രൂപയ്ക്ക് മുകളിൽ കളക്ഷൻ ലഭിക്കില്ല എന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (സി) | ഒറ്റപ്പെട്ട പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന ഇത്തരം ബസുകൾ പിൻവലിക്കുമ്പോൾ ജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ട് സൂചിപ്പിച്ച് ഏതെങ്കിലും എം.എൽ.എ പരാതി നൽകിയിട്ടുണ്ടോ; പ്രസ്തുത പരാതി | (സി) | എം.എൽ.എ പരാതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന ഇത്തരം ബസുകൾ പിൻവലിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | യുടെ അടിസ്ഥാനത്തിൽ മന്ത്രി തലത്തിലോ കെ.എസ്.ആർ.ടി. സി.യുടെ എം.ഡി.തലത്തിലോ ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ തീരുമാനം വിശദമാക്കുമോ; | | |
| (ഡി) | മലയോര പ്രദേശങ്ങളിൽ ഇത്തരം ബസുകൾക്ക് പരാമാവധി ഏഴായിരത്തി അഞ്ഞൂറ് രൂപയിൽ കൂടുതൽ പ്രതിദിന കളക്ഷൻ ലഭിക്കില്ല എന്നതിനാൽ ജനങ്ങൾക്ക് യാത്ര ചെയ്യാൻ ബദൽ സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) | മലയോര മേഖലകളിലെ സർവ്വീസുകൾ വരുമാനം മാനദണ്ഡമാക്കാതെ ഷെഡ്യൂളുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ ജനങ്ങൾക്ക് യാത്ര ചെയ്യുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ